ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 06.10.2023** **TIME : 07.25 AM**

### പ്രധാന വാർത്തകൾ

1. **മധ്യപ്രദേശിലെ ജബൽപുരിൽ 12,600 കോടിയിലധികം രൂപയുടെ വികസന പദ്ധതികളുടെ ശിലാസ്ഥാപനവും സമർപ്പണവും പ്രധാനമന്ത്രി നരേന്ദ്രമോദി നിർവഹിച്ചു.**

   Prime Minister Narendra Modi laid foundation stone and dedicates to nation development projects worth more than Rs 12,600 crore in Jabalpur, Madhya Pradesh.

2. **മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിന് ഫണ്ടിന്റെ ലഭ്യത തടസ്സമല്ലെന്ന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം.**

   Union Ministry of Rural Development has said that availability of funds is not a constraint for the implementation of Mahatma Gandhi National Rural Employment Guarantee Programme.

3. **ഭരണ നടപടികളുടെ വേഗത കൂട്ടാനും സുതാര്യത ഉറപ്പുവരുത്താനും ലക്ഷ്യമിട്ട് പ്രവർത്തിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

   Chief Minister Pinarayi Vijayan said we should aim to increase the speed of administrative processes and ensure transparency.

4. **ഹാങ്ചൗ ഏഷ്യൻ ഗെയിംസിൽ 21 സ്വർണമുൾപ്പടെ ഇന്ത്യൻ കുതിപ്പ് തുടരുന്നു ; പുരുഷ ഹോക്കി ഫൈനലിൽ ഇന്ത്യ ഇന്ന് ജപ്പാനെ നേരിടും.**

India continues to make strides at Hangzhou Asian Games continues with 21 golds ; India will face Japan in the men's hockey final today.

5. **ഐസിസി ലോകകപ്പ് ക്രിക്കറ്റ് ആദ്യ മത്സരത്തിൽ നിലവിലെ ചാമ്പ്യൻമാരായ ഇംഗ്ലണ്ടിനെതിരെ ന്യൂസിലൻഡിന് 9 വിക്കറ്റ് വിജയം.**

New Zealand beat defending champions England by 9 wickets in ICC World Cup Cricket opening match

*************************

**HEADLINE-1**

## PM - MADHYAPRADESH (INTRO)

മധ്യപ്രദേശിലെ ജബൽപുരിൽ 12,600 കോടിയിലധികം രൂപയുടെ വികസന പദ്ധതികളുടെ ശിലാസ്ഥാപനവും സമർപ്പണവും പ്രധാനമന്ത്രി നരേന്ദ്രമോദി നിർവഹിച്ചു. റോഡ്, റെയിൽ, വാതക പൈപ്പ്ലൈൻ ഭവന നിർമ്മാണം, ശുദ്ധജലവിതരണം തുടങ്ങി വിവിധ മേഖലകളിലെ പദ്ധതികളാണ് ഇന്നലെ പ്രധാനമന്ത്രി തറക്കല്ലിടുകയും രാഷ്ട്രത്തിന് സമർപ്പിക്കുകയും ചെയ്തത്. **വിശദാംശങ്ങളിലേക്ക്...**

(വോയ്സ്)

ഇൻഡോറിൽ 'ലൈറ്റ് ഹൗസ്' പദ്ധതിക്ക് കീഴിൽ നിർമിച്ച ആയിരത്തിലധികം വീടുകളുടെ ഉദ്ഘാടനം, മണ്ഡ്ല - ജബൽപുർ - ഡിണ്ഡോരി ജില്ലകളിൽ വിവിധ ജൽ ജീവൻ ദൗത്യ പദ്ധതികളുടെ തറക്കല്ലിടൽ, സിവ്നി ജില്ലയിൽ ജൽ ജീവൻ ദൗത്യ പദ്ധതിയുടെ സമർപ്പണം, മധ്യപ്രദേശിലെ റോഡ് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 4,800 കോടിയിലധികം രൂപയുടെ വിവിധ പദ്ധതികളുടെ ശിലാസ്ഥാപനവും സമർപ്പണവും തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. 1,850 കോടിയിലധികം രൂപയുടെ റെയിൽ പദ്ധതികളുടെ സമർപ്പണം, വിജയ്പുർ - ഔറയ്യ ഫൂൽപുർ പൈപ്പ്

ലൈൻ പദ്ധതി, ജബൽപുരിൽ പുതിയ ബോട്ടിലിങ് പ്ലാന്റ്, മുംബൈ - നാഗ്പുർ - ഝാർ സുഗുഡ പൈപ്പ് ലൈൻ പദ്ധതിയുടെ നാഗ്പുർ ജബൽപുർ ഭാഗത്തിന്റെ 317 കിലോമീറ്റർ തറക്കല്ലിടൽ എന്നിവയും പദ്ധതികളിൽ ഉൾപ്പെടുന്നു. റാണി ദുർഗാവതിയുടെ 500-ാം ജന്മശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് ജബൽപുരിൽ 'വീരാംഗന റാണി ദുർഗാവതി സ്മാരകത്തിന്റെയും പൂന്തോട്ട'ത്തിന്റെയും ഭൂമി പൂജയും പ്രധാനമന്ത്രി നിർവഹിച്ചു. ന്യൂസ് ഡെസ്ക് ആകാശവാണി

************************

**HEADLINE-2**

## RURAL- MGNREGA

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിന് ഫണ്ടിന്റെ ലഭ്യത തടസ്സമല്ലെന്ന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം. M G N R E G A ഡിമാൻഡ് അടിസ്ഥാനമാക്കിയുള്ള വേതന തൊഴിൽ പരിപാടി യാണെന്നും സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും ഫണ്ട് അനുവദിക്കുന്നത് തുടർച്ചയായ പ്രക്രിയയാണെന്നും മന്ത്രാലയം വ്യക്തമാക്കി. ജോലിയുടെ ആവശ്യം കണക്കിലെടുത്താണ് കേന്ദ്ര സർക്കാർ ഫണ്ട് ലഭ്യമാക്കുന്നത്. ജോലിക്കുള്ള ആവശ്യത്തിനനുസരിച്ച് പദ്ധതിക്കായി അധിക ഫണ്ട് തേടുന്നതായും മന്ത്രാലയം അറിയിച്ചു. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ M G N R E G A- യുടെ സെക്ഷൻ 27 പ്രകാരം കഴിഞ്ഞ വർഷം മാർച്ച് മുതൽ പശ്ചിമ ബംഗാളിന്റെ ഫണ്ട് നിർത്തിവച്ചതായും മന്ത്രാലയം വ്യക്തമാക്കി.

************************

## UAE VISIT PIYUSH GOYAL

കേന്ദ്രമന്ത്രി പീയുഷ് ഗോയലിന്റെ രണ്ട് ദിവസത്തെ യു എ ഇ സന്ദർശനം തുടരുന്നു. സന്ദർശനത്തിന്റെ ആദ്യ ദിവസം നിക്ഷേപവുമായി ബന്ധപ്പെട്ട ഇന്ത്യ- യു എ ഇ ഉന്നതതല ടാസ്ക് ഫോഴ്സ് - HLTFI യുടെ 11-ാമത് യോഗത്തിൽ Abu Dhabi Investment Authority -ADIA യുടെ മാനേജിങ് ഡയറക്ടർ ഷെയ്ഖ് ഹമീദ് ബിൻ സയിദ് അൽ നെഹ്യാനോടൊപ്പം അദ്ദേഹം സഹ അധ്യക്ഷത വഹിച്ചു. 2013 ലാണ് വ്യാപാരം, നിക്ഷേപം, സാമ്പത്തിക ബന്ധം തുടങ്ങിയവ കൂടുതൽ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യവുമായി ഈ സംവിധാനം രൂപീകരിച്ചത്. HLTFIയുടെ യോഗത്തിൽ വിവിധ മേഖലകളിലെ നിക്ഷേപത്തിന്റെ നിലവിലെ സ്ഥിതിഗതികൾ ഇരുവരും വിലയിരുത്തി. ഇതിൽ അടിസ്ഥാന സൗകര്യം, ഊർജ്ജം, ഭക്ഷ്യ സുരക്ഷ, ഹരിത ഹൈഡ്രജൻ, പുനരുപയോഗ ഊർജ്ജം, ആരോഗ്യ സംരക്ഷണം തുടങ്ങിയ മേഖലകളും ഉൾപ്പെടുന്നു.

*************************

## SIKKIM - REVIEW MEETING

സിക്കിമിൽ മേഘവിസ്ഫോടനത്തെ തുടർന്നുണ്ടായ കെടുതികൾ വിലയിരുത്താൻ മുഖ്യമന്ത്രി പി എസ് തമാങിന്റെ നേതൃത്വത്തിൽ യോഗം ചേർന്നു. കരസേനയുമായി ചേർന്ന് സംസ്ഥാന സർക്കാർ നടത്തുന്ന രക്ഷാ പ്രവർത്തനങ്ങൾ, ദുരിതാശ്വാസ സാമഗ്രികളുടെ വിതരണം, പുനരധിവാസം തുടങ്ങിയവ ചീഫ് സെക്രട്ടറി വി ബി പതക് യോഗത്തിൽ വിശദീകരിച്ചു. വിദഗ്ദ്ധർ, ശാസ്ത്രജ്ഞർ, പരിസ്ഥിതി പ്രവർത്തകർ എന്നിവരടങ്ങുന്ന ഉന്നതതല സാങ്കേതിക സമിതി രൂപീകരിക്കാനും യോഗത്തിൽ ധാരണയായി. അതിനിടെ, ഇതുവരെ 18 പേരാണ് ദുരന്തത്തിൽ മരിച്ചത്.

26 പേർക്ക് പരിക്കേറ്റു. സൈനികർ ഉൾപ്പെടെ 98 പേരെ കാണാതായിട്ടുണ്ട്.

************************

## RBI-UDGAM FACILITY

ക്ലെയിം ചെയ്യപ്പെടാത്ത നിക്ഷേപങ്ങൾ തിരയുന്നതിനുള്ള ഉദ്ഗം സൗകര്യം 30 ബാങ്കുകളിലേക്ക് വിപുലീകരിച്ചതായി റിസർവ് ബാങ്ക്. തുടക്കത്തിൽ ഏഴ് ബാങ്കുകൾക്ക് മാത്രമേ ഈ സൗകര്യം ലഭ്യമായിരുന്നുള്ളൂ. ഉപഭോക്താക്കൾക്ക് തങ്ങളുടെ ക്ലെയിം ചെയ്യപ്പെടാത്ത നിക്ഷേപങ്ങൾ ഒരിടത്ത് തിരയുന്നതിനുള്ള എളുപ്പത്തിനാണ് ഈ വർഷം ഓഗസ്റ്റിൽ വെബ് പോർട്ടൽ ആരംഭിച്ചത്. ക്ലെയിം ചെയ്യപ്പെടാത്ത അത്തരം നിക്ഷേപങ്ങളിൽ 90 ശതമാനവും മൂല്യത്തിന്റെ അടിസ്ഥാനത്തിൽ പ്രാപ്യമാക്കാൻ സാധിച്ചതായി ആർബിഐ അറിയിച്ചു.

************************

## CANADIAN DIPLOMAT

ഇന്ത്യയിലെ കനേഡിയൻ നയതന്ത്ര ഉദ്യോഗസ്ഥരുടെ എണ്ണം കുറയ്ക്കണമെന്ന ആവശ്യം ആവർത്തിച്ച് ഇന്ത്യ. നയതന്ത്ര സാന്നിദ്ധ്യത്തിൽ തുല്യത വരുത്തുന്നതിനാണ് ഇന്ത്യ ഈ ആവശ്യം മുന്നോട്ട് വച്ചതെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് അരിന്ദം ബാഗ്ചി ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

************************

## CIVIL AVIATION DRONE

സർക്കാർ നല്കുന്ന ഏത് തിരിച്ചറിയൽ കാർഡും ഉപയോഗിച്ച് ഇനി മുതൽ ഡ്രോൺ

പൈലറ്റുമാരാകാമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയം. പുതിയ ഡ്രോൺ ഭേദഗതി നിയമം 2023 മന്ത്രാലയം പുറത്തിറക്കി. ഡ്രോൺ പറത്തുന്നതിനുള്ള സർട്ടിഫിക്കറ്റ് ഇല്ലാത്തപക്ഷം തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, തുടങ്ങിയവ മേൽവിലാസ രേഖയായി ഉപയോഗിക്കാമെന്ന് വിജ്ഞാപനത്തിൽ പറയുന്നു. രാജ്യത്തെ 2030 ഓടെ ആഗോള ഡ്രോൺ കേന്ദ്രമായി മാറ്റുന്നതിന്റെ ഭാഗമായാണ് ഡ്രോൺ ഉപയോഗിക്കുന്നതിന് കൂടുതൽ രേഖകൾ ഉൾപ്പെടുത്തിയത്.

************************

## JKDF

ജമ്മു കാശ്മീർ ഡെമോക്രാറ്റിക് ഫ്രീഡം പാർട്ടി ജെ കെ ഡി എഫിനെ യു എ പി എ നിയമത്തിലെ വകുപ്പുകൾ അനുസരിച്ച് കേന്ദ്ര സർക്കാർ നിരോധിച്ചു. 1998 മുതൽ ഈ സംഘടന ദേശ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിനെ തുടർന്നാണ് നിരോധനം ഏർപ്പെടുത്തിയത്.

************************

**HEADLINE -4**

## ASIAN GAMES

ഹാങ്ചൗ ഏഷ്യൻ ഗെയിംസിൽ 21 സ്വർണമുൾപ്പടെ 86 മെഡൽ നേട്ടവുമായി ഇന്ത്യൻ കുതിപ്പ് തുടരുന്നു. 32 വെള്ളിയും 33 വെങ്കലവും നേടി പട്ടികയിൽ നാലാം സ്ഥാനത്താണ് ഇന്ത്യ. ഏഷ്യൻ ഗെയിംസിലെ രാജ്യത്തിന്റെ ഏറ്റവും മികച്ച പ്രകടനമാണിത്. ഏഷ്യൻ ഗെയിംസ് പുരുഷ ഹോക്കി ഫൈനലിൽ ഇന്ത്യ ഇന്ന് ജപ്പാനുമായി ഏറ്റുമുട്ടും. പുരുഷ കബഡി സെമി മത്സരത്തിൽ ഇന്ന് പാകിസ്ഥാനുമായാണ് ഇന്ത്യയുടെ പോരാട്ടം. ബാഡ്മിന്റൺ പുരുഷ സിംഗിൾസ്

സെമിഫൈനലിൽ ഇന്ത്യക്കായി എച്ച് എസ് പ്രണോയ് ഇന്ന് മത്സരിക്കും.

************************

# PM-ASIAN GAMES

ഏഷ്യൻ ഗെയിംസിൽ രാജ്യത്തിനായി മെഡൽ നേടിയ താരങ്ങളെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. താരങ്ങളുടെ അർപ്പണബോധം, ശ്രദ്ധ, പ്രകടന മികവ് എന്നിവ രാജ്യത്തിന് അഭിമാനം പകർന്നതായും കഴിവിന്റേയും കൂട്ടായ അധ്വാനത്തിന്റേയും പ്രതീകമാണ് ഈ വിജയമെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

************************

**HEADLINE-5**

# CRICKET-WORLD CUP 2023

ഐസിസി ലോകകപ്പ് ക്രിക്കറ്റ് ആദ്യ മത്സരത്തിൽ നിലവിലെ ചാമ്പ്യൻമാരായ ഇംഗ്ലണ്ടിനെതിരെ ന്യൂസിലൻഡിന് 9 വിക്കറ്റ് വിജയം. സെഞ്ചുറി നേടിയ ഡെവോൺ കോൺവെയും രചിൻ രവീന്ദ്രയുമാണ് കിവീസിന് വമ്പൻ വിജയം സമ്മാനിച്ചത്. ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിനിറങ്ങിയ ഇംഗ്ലണ്ട് ഉയർത്തിയ 283 റൺസ് വിജയലക്ഷ്യം വെറും 36.2 ഓവറിൽ ഒരു വിക്കറ്റ് മാത്രം നഷ്ടപ്പെടുത്തി ന്യൂസീലൻഡ് മറികടന്നു. രചിനും കോൺവെയും ചേർന്ന് രണ്ടാം വിക്കറ്റിൽ 273 റൺസിന്റെ കൂട്ടുകെട്ടാണ് പടുത്തുയർത്തിയത്. ഒരു വിക്കറ്റെടുക്കുകയും സെഞ്ചുറി നേടുകയും ചെയ്ത രചിനാണ് കളിയിലെ താരം.

************************

HEADLINE-3

## CM KERALA

ഭരണനടപടികളുടെ വേഗത കൂട്ടാനും സുതാര്യത ഉറപ്പുവരുത്താനും ലക്ഷ്യമിട്ട് പ്രവർത്തിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും നേതൃത്വത്തിൽ ഇന്നലെ കോഴിക്കോട് ചേർന്ന മേഖലാതല അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പുതിയ ഭരണ സംസ്കാരം സൃഷ്ടിക്കലാണ് മേഖലാതലാ അവലോകന യോഗങ്ങളിലൂടെ ഉദ്ദേശിക്കുന്നതെന്ന് മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

*************************

## BJP MEET-NADDA

ബിജെപി ദേശീയ അധ്യക്ഷൻ ജെപി നഡ്ഡ ഇന്നലെ പട്നയിൽ പാർട്ടി കോർ കമ്മിറ്റി യോഗം ചേർന്നു. സംസ്ഥാനത്തെ രാഷ്ട്രീയ സംഭവവികാസങ്ങളും മറ്റ് സംഘടനാ വിഷയങ്ങളും അധ്യക്ഷൻ ചർച്ച ചെയ്തതായി പാർട്ടി വൃത്തങ്ങൾ അറിയിച്ചു. പാർട്ടിക്കും നേതാക്കൾക്കും പൊതുജനങ്ങളുമായി മികച്ച ബന്ധം ഉണ്ടായിരിക്കണമെന്ന് ശ്രീ നഡ്ഡ യോഗത്തിൽ പറഞ്ഞു.

*************************

## SYRIA-DRONE ATTACK

സിറിയയിലെ ഹോംസിൽ സൈനിക അക്കാദമി യിലുണ്ടായ ഡ്രോൺ ആക്രമണത്തിൽ 80 പേർ കൊല്ലപ്പെട്ടു. 240 പേർക്ക് പരിക്കേറ്റു. കൊല്ലപ്പെട്ടവരിൽ ആറ് കുട്ടികളും, സൈനിക ഉദ്യോഗസ്ഥരും ഉൾപ്പെടുന്നതായി ആരോഗ്യമന്ത്രി ഹസൻ അൽ ഗബാഷ് പറഞ്ഞു. കേഡറ്റുകളുടെ കുടുംബവും സ്ത്രീകളും

കുട്ടികളും പങ്കെടുത്ത ബിരുദദാന ചടങ്ങിലാണ് സ്ഫോടക വസ്തുക്കൾ നിറച്ച ഡ്രോൺ ആക്രമണമുണ്ടായത്.

************************

## UKRAINE-KILLED

യുക്രെയ്നിൽ ഖാർകിവ് മേഖലയുടെ തെക്ക് കിഴക്കുള്ള ഹ്രോസ ഗ്രാമത്തിലെ ചന്തയിൽ റഷ്യൻ മിസൈൽ പതിച്ചതിനെ തുടർന്ന് 51 പേർ കൊല്ലപ്പെട്ടു. സിവിലിയൻ കേന്ദ്രങ്ങൾ ആക്രമിക്കുന്നത് നേരത്തെ നിഷേധിച്ച റഷ്യ സംഭവത്തിൽ ഇതുവരെ പ്രതികരിച്ചിട്ടില്ല. പ്രദേശത്ത് സൈനിക ലക്ഷ്യങ്ങളൊന്നും ഉണ്ടായിരുന്നില്ലെന്നും സാധാരണക്കാർ മാത്രമാണ് അവിടെ ഉണ്ടായിരുന്ന തെന്നും യുക്രെയ്ൻ പ്രതിരോധ മന്ത്രാലയം അറിയിച്ചു.

************************

## AAP – MP CUSTODY

ഡൽഹി മദ്യനയ കുംഭകോണവുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ആം ആദ്മി പാർട്ടി രാജ്യസഭാ എം പി സഞ്ജയ് സിംഗിനെ ഡൽഹി കോടതി അഞ്ച് ദിവസത്തെ ഇ ഡി കസ്റ്റഡിയിൽ വിട്ടു. പത്ത് ദിവസത്തെ കസ്റ്റഡിയാണ് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ആവശ്യപ്പെട്ടത് .

************************************************************

********